CDC
KERALA

# Child Development Centre



Clinical Services
Research
Training
Community Extension Services

## ഏർളി സ്റ്റിമുലേഷൻ പ്രോഗ്രാം

### ബുദ്ധിവികാസ പ്രചോദനം – അഞ്ചാം മാസം

## (Early Stimulation Programme)

Programme for Low Birth Weight Babies







(5 month)

"Reduction of Childhood Disability"

Child Development Centre

*തയ്യാറാക്കിയത് :-*

Dr. എം.കെ.സി. നായർ
Dr. ബാബു ജോർജ്
Ms. സുനിത ആർ.എം.



**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org

## ബുദ്ധിവികാസം

- കൈനീട്ടി സാധനങ്ങൾ വാങ്ങുന്നു.
- ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു.
- നിർത്തുമ്പോൾ കാലുകൾ നിലത്തുറപ്പിക്കുന്നു.
- കണ്ണാടിയിൽ നോക്കി രസിക്കുന്നു.
- കാലിൽ പിടിച്ച് കളിക്കുന്നു.

### കാഴ്ചശക്തിക്കുള്ള പ്രചോദനം

- 'ഒളിച്ചേ- കണ്ടേ' കളിക്കുക.
- തറയിൽ പന്ത് തുടർച്ചയായി തട്ടി വേഗതയുള്ള ചലനങ്ങൾ കാണിക്കുക.
- മുന്നിൽ ഉരുണ്ടു നീങ്ങുന്ന പന്തോ, കളിപ്പാട്ടമോ കണ്ണുകൾകൊണ്ട് പിന്തുടരാൻ പ്രേരിപ്പിക്കുക.
- കണ്ണാടി കാണിക്കുക.
- ഒരു പാത്രത്തിൽ നിറമുള്ള ചെറിയ പന്തുകൾ ഇട്ട് ഇരുവശത്തേക്കും ചരിക്കുക. നോക്കാൻ പ്രേരിപ്പിക്കുക.

### കേൾവിശക്തിക്കുള്ള പ്രചോദനം

- കുഞ്ഞിന്റെ പേര് വിളിച്ച് ശ്രദ്ധ ആകർഷിക്കുക.
- ആഹാരം കഴിക്കുമ്പോഴൊക്കെ കുഞ്ഞിനെ കൂടെയിരുത്താം. സ്പൂൺ തറയിൽ വീഴുന്നതുപോലെയുള്ള ശബ്ദങ്ങൾ കുഞ്ഞ് ശ്രദ്ധിക്കുന്നുണ്ടോ എന്ന് നോക്കുക.
- സ്വന്തം ശബ്ദം റെക്കോർഡ് ചെയ്ത് കുഞ്ഞിനെ കേൾപ്പിക്കുക.

### സ്പർശം

- ചുറ്റുപാടും കാണുന്ന എല്ലാ വസ്തുക്കളും കുഞ്ഞിനെക്കൊണ്ട് സ്പർശിപ്പിക്കുക.

### ചലന സംബന്ധമായ പ്രചോദനം

- വസ്തുക്കൾ പിടിക്കാനും എത്തി വാങ്ങുവാനും പഠിപ്പിക്കുക.
- കുഞ്ഞിനെ അമ്മയുടെ മുട്ടിൽ ഇരുത്തി ചാഞ്ചാട്ടുക.
- തൊട്ടിലിനു മുകളിൽ കൈ എത്തുന്ന രീതിയിൽ വസ്തുക്കൾ തൂക്കിയിടുക.
- കുഞ്ഞ് എന്തു സാധനം കിട്ടിയാലും കടിക്കുന്നു. വൃത്തിയുള്ളതും നിറമിളകാത്തതുമായ കളിപ്പാട്ടങ്ങൾ നൽകുക.

### കളിപ്പാട്ടങ്ങൾ ബുദ്ധിവികാസത്തെ സഹായിക്കുന്നു

- പ്രായാനുസൃതമായ കളിപ്പാട്ടങ്ങൾ നൽകുക.
- മൂർച്ചയുള്ള അരികുകളോ കൂർത്ത അറ്റങ്ങളോ ഇല്ലാത്തവ തെരഞ്ഞെടുക്കുക.
- ചെറിയ ഭാഗങ്ങൾ ഉള്ളതും എളുപ്പം പൊട്ടുന്നതുമായ കളിപ്പാട്ടങ്ങൾ ഒഴിവാക്കുക.
- വില കൂടിയവയെക്കാളും ഉപയോഗമുള്ളവ വാങ്ങുക.

